# കണ്ണൂർ സർവ്വകലാശാല

(സംഗ്രഹം)

കണ്ണൂർ സർവ്വകലാശാല -വിവരാവകാശനിയമം 2005- അപേക്ഷാഫീസ് -വിവരാവകാശ കമ്മീഷൻെറ നിർദ്ദേശം സർവ്വകലാശാലയിൽ നടപ്പാക്കുന്നത് -സംബന്ധിച്ച ഉത്തരവ്.

---

**വിവരാവകാശ വിഭാഗം**

ക.യു/ആർ.ടി.ഐ./ പലവക/2015 കണ്ണൂർ, തീയ്യതി 11/7/2016

---

സൂചിക:1. 18/12/2007 ലെ 540/2007/ പൊ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്.

2 .01.04.2006 ലെ 2383/06/പൊ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്.(സാധാ)

**ഉത്തരവ്.**

മേൽ പറഞ്ഞ സർക്കാർ ഉത്തരവ് (1) പ്രകാരം കേരള സർക്കാരിൻെറ പൊതുഭരണ (എകോപന) വകുപ്പ്, വിവരാവകാശ നിയമം 2005 ൻെറ ഫീസ് ഒടുക്കുന്നതിനുള്ള രീതികൾ വിപുലീകരിച്ചുകൊണ്ടുള്ള 2006 ലെ നിയമത്തിൽ (സൂചിക 2). 2007 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് സർക്കാരിതര വകുപ്പുകളിൽ നിന്ന് വിവരം ലഭിക്കുന്നതിന് അതത് സ്ഥാപനത്തിൻെറ അക്കൗണ്ടുകളിൽ തന്നെ പണം ഒടുക്കേണ്ടതാണ്. ഇതനുസരിച്ച് കണ്ണൂർ സർവ്വകലാശാലയിൽ വിവരാവകാശനിയമ പ്രകാരം ലഭിക്കുന്ന അപേക്ഷാഫീസ്, പകർപ്പ് ലഭ്യമാക്കുന്നതിനുള്ള ചെലവ് തുടങ്ങിയവയെല്ലാം സർവ്വകലശാല ഫണ്ടിൽ തന്നെ ഒടുക്കേണ്ടതാണ്. അതായത്, കോർട്ട്ഫീ സ്റ്റാമ്പ്, ട്രഷറി ചലാൻ തുടങ്ങിയവ കണ്ണൂർ സർവ്വകലാശാലയിൽ സ്വീകരിക്കേണ്ടതില്ല.

**ആയതിനാൽ, കണ്ണൂർ സർവ്വകലാശാല ഓഫീസിൽ 11/07/2016 മുതൽ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്കൊപ്പം അപേക്ഷാഫീസ്, പകർപ്പ് ലഭ്യമാക്കുന്നതിനുള്ള മറ്റുചെലവുകൾ എന്നിവയായി സർവ്വകലാശാലയുടെ പേ-ഇൻ-സ്ലിപ്പ്, സർവ്വകലാശാല ഫൈനാൻസ് ഓഫീസറുടെ പേരിലെടുത്ത താവക്കര കാമ്പസ്സിൽ മാറാൻ പറ്റുന്ന ഡി.ഡി (എസ്.ബി.ടി) /ഇന്ത്യൻ പോസ്റ്റൽ ഓർഡർ എന്നിവയിൽ ഏതെങ്കിലും മാത്രമേ സ്വീകരിക്കുകയുള്ളൂ.** ***കോർട്ട് ഫീ സ്റ്റാമ്പ്, ട്രഷറി ചലാൻ എന്നിവ വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് 11/07/2016 മുതൽ കണ്ണൂർ സർവ്വകലാശാലയിൽ സ്വീകരിക്കുന്നതല്ല.***

മുകളിൽ പറഞ്ഞ പ്രകാരം ഉത്തരവിറക്കുന്നു.

**ഒപ്പ്**
**രജിസ്ട്രാർ**

To

1. പി.ആർ.ഒ (പത്രപരസ്യത്തിനുവേണ്ടി)
2.കമ്പ്യൂട്ടർ പ്രോഗ്രാമർ (സർവ്വകലാശാല വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്ക്)
3.വി.സി യുടെ പി.എസ്., പി.വി.സി, രജിസ്ട്രാർ, ഫൈനാൻസ് ഓഫീസർ, പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എ, പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാർ
4.ലോക്കൽ ഫണ്ട് ഓഡിറ്റർ
5.സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

അംഗീകാരത്തോടെ

**സെക്ഷൻ ഓഫീസർ**